**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് ഒരു വർഷത്തേയ്ക്ക് അക്രഡിറ്റേഷൻ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. **3110 /2016**/തസ്വഭവ തീയതി, തിരുവനന്തപുരം **16.11.2016.**

പരാമർശം :- (1)കില ഡയറക്ടറുടെ 04.12.14 തീയതിയിലെ TPA-695/12 നമ്പർ കത്ത്.
(2)പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ 15.06.2016-ലെ അപേക്ഷ.
(3)സ.ഉ(സാധാ)നം. **2041 /2016**/തസ്വഭവ് തീയതി **30.06.2016.**

**ഉത്തരവ്**

പരാമർശം (3) ലെ സർക്കാർ ഉത്തരവ് (2) പ്രകാരം പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ അന്തിമ തീരുമാനം ആകുന്നതുവരെ താത്ക്കാലിക അക്രഡിറ്റേഷൻ നൽകിയിരുന്നു. പരാമർശം (1) ലെ കില ഡയറക്ടറുടെ കത്തിൽ ടി സ്ഥാപനത്തിന് കണ്ണൂർ ജില്ലയിൽ റോഡ്, കെട്ടിടങ്ങൾ, പാലങ്ങൾ എന്നീ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അക്രഡിറ്റേഷൻ പുതുക്കി നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തിരുന്നു. പരാമർശം (2) ലെ ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറുടെ അപേക്ഷയും സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന് നിലവിലുള്ള മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ഒരു വർഷത്തേയ്ക്ക് അക്രഡിറ്റേഷൻ പുതുക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.കെ.മോഹനകുമാർ**

ഗവ.ജോയിന്റ് സെക്രട്ടറി.

മാനേജിംഗ് ഡയറക്ടർ, പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്** :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ.**